# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2070 — 05.05.2017-ൽ മറുപടിയ്ക്ക്

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ കരാർ ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അൻവർ സാദത്ത് :** | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| (എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ കരാർ ജീവനക്കാരെ ദിവസവേതനക്കാരാക്കി മാറ്റുന്നതിനുള്ള സമ്മതപത്രം വാങ്ങിച്ചിട്ടുണ്ടോ;<br>(ബി) മൂന്ന് വർഷം മുമ്പ് എല്ലാ നടപടിക്രമങ്ങളും പാലിച്ച് തയ്യാറാക്കിയ റാങ്ക് പട്ടിക പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിലേയ്ക്ക് മാറ്റിയത് എന്തടിസ്ഥാന ത്തിലാണെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെയും വിജ്ഞാന മുദ്രണം പ്രസിലെയും 2017 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ഒരു വർഷത്തേയ്ക്കുള്ള കരാർ കാലാവധി അവസാനിക്കുന്ന 17 ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടതില്ലായെന്ന് 13.03.2017 ലെ 45/C1/2017/സാം.കാ.വ കത്തു പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പുതിയ നിയമനം നിയമാനുസൃതം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും, പുതിയ നിയമനം നടത്തുന്നതുവരെ താല്പര്യമുള്ള മുൻ കരാർ ജീവനക്കാരെ അവരുടെ സമ്മതപ്രകാരം ദിവസ വേതനത്തിന് നിയോഗിച്ചിട്ടുള്ളതുമാകുന്നു. |

**സെക്ഷൻ ഓഫീസർ**